വൈദ്യുതിരംഗത്തിൽ ഇന്ത്യയ്ക്ക് സ്വയംപര്യാപ്തത കൈവന്നതായി കണക്കാക്കാം.

ഇന്ത്യയിൽ തോറിയം ധാരാളം കിട്ടാനുണ്ട്. ഇതുപയോഗിച്ച് എത്രയോ വർഷങ്ങളോളം വൈദ്യുതിനിർമാണം ഇവിടെ സാദ്ധ്യമാണ്. വൈദ്യുതിക്ഷാമം സ്ഥിരമായി നിർമാർജനംചെയ്യാൻ നമുക്ക് ഇപ്പോൾ സാദ്ധ്യമായിത്തീർന്നിരിക്കുന്നു.

അതേസമയം, അത്യന്തം സൂക്ഷ്മതയോടെ നീങ്ങേണ്ട ഒരു രംഗമാണ് അണുവൈദ്യുതി ഉല്പാദനം. സുരക്ഷാവ്യവസ്ഥകളിൽ ശ്രദ്ധിക്കാത്തതു നിമിത്തം പ്രവർത്തകർക്ക് ആപൽക്കരമായവിധം റേഡിയോപ്രസരണം ഏൽക്കുകയോ, മലിനവസ്തുക്കൾ പുറത്തു കടന്നു പരിസരം ദൂഷിപ്പിക്കുകയോചെയ്താൽ, അണുവൈദ്യുതിനിർമാണത്തിനെതിരെ നാട്ടിൽ ശക്തമായ പ്രക്ഷോഭം ഉയർന്നുവരുമെന്നതിൽ സംശയമില്ല. അണുവൈദ്യുതിനിലയങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന യുറേനിയവും തോറിയവും ആററംബോംബുണ്ടാക്കാൻ പ്രയോജനപ്പെട്ടേക്കാമെന്നതിനാൽ, അണുശക്തിസമ്പത്തിൽ മികച്ചുനില്ക്കുന്ന രാഷ്ട്രങ്ങളുടെ സംഘടിതമായ എതിർപ്പും നമുക്കു നേരിടേണ്ടിവരും. അത്യന്തം കരുതലോടെ കാൽ വയ്ക്കേണ്ട ഒരു രംഗമാണ് അണുവൈദ്യുതിനിർമാണം.

ഈ രംഗത്തു് ഇന്ത്യ സ്വയംപര്യാപ്തിയുടെ മാർഗത്തിൽ എത്തിനിൽക്കുന്നു എന്ന വസ്തുത അഭിമാനത്തോടൊപ്പം ചാരിതാർത്ഥ്യവും നമുക്ക് ഉളവാക്കുന്നുണ്ട്. തീർച്ചയായും ജൂലൈ 23—ാം തീയതി ആധുനിക ഭാരതീയ ചരിത്രത്തിൽ സ്മരിക്കപ്പെടേണ്ട ഒരു ദിവസമത്രേ.

(26 ജൂലൈ, 1983)

# 59. മദ്യവിപത്ത്

'ഇന്ത്യ അടിമത്തത്തിൽ: സ്വാതന്ത്ര്യത്തിനുള്ള അവളുടെ അവകാശം' (ഇന്ത്യ ഇൻ ബോണ്ടേജ്: ഹെർ റൈററ് ടു ഫ്രീഡം) എന്ന ഒരു പുസ്തകം 1930—കളിൽ ഇന്നാട്ടിലെ യുവാക്കൾ അത്യന്തം താല്പര്യത്തോടെ വായിച്ചിരുന്നു. ജെ. ടി. സൺഡർലാൻഡ് എന്ന ഒരു അമേരിക്കൻ പാതിരിയാണ്, അടിമത്തംമൂലം എല്ലാ ജീവിതരംഗങ്ങളിലും ഇന്ത്യയ്ക്കു വന്നു ചേർന്ന ദയനീയമായ അധഃപതനത്തെ മൂർത്തമായും വേണ്ടത്ര തെളിവുകളോടെയും പ്രതിപാദിക്കുന്ന ഈ മഹാഗ്രന്ഥത്തിന്റെ കർത്താവ്. ഇന്ത്യയിലെ ബ്രിട്ടീഷ് ഗവണ്മെൻറ് നിരോധിച്ചിരുന്നതിനാൽ ഈ പുസ്തകം മററു രാജ്യങ്ങളിൽനിന്ന് ഒളിച്ചു കടത്തിക്കൊണ്ടുവരേണ്ടിയിരുന്നു എന്ന വസ്തുത ഇതിന്റെ ആകർഷകത്വം വർദ്ധിപ്പിച്ചു. ചങ്ങല വലിച്ചു പൊട്ടിക്കാൻ കിണഞ്ഞു ശ്രമിക്കുന്ന ഒരു ഗജവീരന്റെ ചിത്രം കറുത്ത പുറംചട്ടയിൽ അച്ചടിച്ച ഈ പുസ്തകം രഹസ്യമായി ഒരു സുഹൃത്തിൽനിന്നു സമ്പാദിച്ച് എത്രയോ രാത്രികളിൽ ഉറക്കമിളച്ചിരുന്നു പാരായണംചെയ്തതു് ഞാൻ ഇപ്പോഴും ഓർക്കുന്നു. 'ഇന്ത്യയിലെ മദ്യപാന ശാപം: ആർ ഉത്തരവാദി?' എന്നതാണ് അതിലെ ഒരദ്ധ്യായം. ബ്രിട്ടീഷ്‌വാഴ്ച തുടങ്ങുംമുമ്പ് ഇന്ത്യക്കാർ പ്രായേണ മദ്യപാനശീലം ഇല്ലാത്തവരായിരുന്നു എന്നും, മദ്യത്തിൽനിന്നു കിട്ടുന്ന നികുതിയെ ലാക്കാക്കി ബ്രിട്ടീഷ് ഭരണാധിപന്മാർ എത്രയോ വർഷങ്ങളോളം നിരന്തരമായി മദ്യവില്പനയും മദ്യപാനവും പ്രോത്സാഹിപ്പിച്ചതിൻഫലമായാണ് ഈ നാട്ടിൽ മദ്യപാനശീലം വേരുറച്ചതു് എന്നും, സർക്കാർ

രേഖകളിൽനിന്നുള്ള ഉദ്ധാരണങ്ങളുടെ സഹായത്തോടെ ഫാദർ സണ്ടർലാൻഡ് ഈ അദ്ധ്യായത്തിൽ തെളിയിച്ചിരുന്നു. മദ്യപാനംമൂലം ഇന്ത്യക്കാരുടെ ഇടയിൽ വന്നുചേർന്നിട്ടുള്ള സാമ്പത്തികവും ആരോഗ്യപരവും സാമൂഹ്യവും സദാചാരപരവും ധാർമികവുമായ അധഃപതനത്തെ സമഗ്രമായി വരച്ചുകാട്ടുകയുംചെയ്തിരുന്നു. റവ. സണ്ടർലാൻഡിൻെറ അഭിപ്രായംതന്നെയാണ് ഗാന്ധിജിയെപ്പോലെയുള്ള സ്വാതന്ത്ര്യസമരനേതാക്കൾക്കും ഉണ്ടായിരുന്നതു്. അതുകൊണ്ടാണല്ലോ അവർ മദ്യവർജനത്തെ ഒരു രാഷ്ട്രീയലക്ഷ്യമായി ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയതും, സ്വതന്ത്രഭാരതത്തിൽ സമഗ്രമായ ഒരു മദ്യവർജനപരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കിയതും.

ഭാഗ്യവശാൽ റവ. സണ്ടർലാൻഡ് ഇന്നു ജീവിച്ചിരിപ്പില്ല. ഇന്ത്യയുടെ ഉത്തമസുഹൃത്തായിരുന്ന ഈ അമേരിക്കൻ പാതിരി ഇപ്പോഴും ഉയിരോടെ ഇരിക്കുകയും, സ്വാതന്ത്ര്യത്തിനു പ്രായപൂർത്തി മാത്രമല്ല മദ്ധ്യവയസ്സുകൂടി എത്തിക്കഴിഞ്ഞ ഈ കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിക്കുകയുമായിരുന്നു എങ്കിൽ, തൻെറ പുസ്തകത്തെപ്പററി അദ്ദേഹം എന്തു വിചാരിക്കുമായിരുന്നു എന്നു പലപ്പോഴും ഞാൻ ആലോചിക്കാറുണ്ട്. ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ ഇന്ത്യയിൽ പ്രകടമായിരുന്ന പല തിന്മകളും പരിഹരിക്കാനുള്ള അവസരം ലഭിച്ചപ്പോൾ, നാമെന്താണു ചെയ്തതു്? ഇന്ത്യയുടെ മദ്യപാനശാപത്തിനു് ഉത്തരവാദി ബ്രിട്ടീഷ് ഗവണ്മെൻറാണെന്ന സണ്ടർലാൻഡിൻെറ നിഗമനത്തിനു് എന്തെങ്കിലും സാധുതയുണ്ടെന്നാണോ സ്വതന്ത്രഭാരതത്തിൽ നമ്മുടെ അനുഭവം തെളിയിക്കുന്നതു്? ബ്രിട്ടീഷ് ഗവണ്മെൻറ് ഇന്ത്യയിൽ മദ്യപാനശീലം പ്രോത്സാഹിപ്പിച്ചു എന്നതു ശരിയാണു്; പക്ഷേ, അപ്പോഴും ചില വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ അവർ അങ്ങനെ ചെയ്തുള്ളു. കള്ളു വാററ് അവർ ഫലപ്രദമായി തടഞ്ഞിരുന്നു. നിശ്ചയിച്ച സ്ഥലത്തും സമയത്തുമല്ലാതെ മദ്യവില്പന അവർ അനുവദിച്ചിരുന്നില്ല. സ്കൂളുകളുടെയും ദേവാലയങ്ങളുടെയും മററും പരിസരങ്ങളിൽ അന്നു മദ്യഷാപ്പുകൾ ഇല്ലായിരുന്നു. മദ്യഷാപ്പുകൾക്കു തോന്നിയേടത്തൊക്കെ 'ഉപ'ഷാപ്പുകൾ അനുവദിക്കുന്നതിനെപ്പററി അവർ ചിന്തിക്കുകകൂടി ചെയ്തിരുന്നില്ല. പുനലൂരിലെയും വൈപ്പിലെയും മദ്യദുരന്തങ്ങൾ പോലുള്ള സംഭവങ്ങൾ ബ്രിട്ടീഷ്‌വാഴ്ചയെ മലിനപ്പെടുത്തിയിട്ടില്ല. എക്സൈസ് നികുതി പിരിക്കുകയല്ലാതെ, കനത്ത തുകകൾ കോഴയായി ബ്രിട്ടീഷ് ഭരണാധികാരികൾ വാങ്ങിയിരുന്നില്ല. നൂററമ്പതിലേറെ വർഷങ്ങളോളം നീണ്ടുനിന്ന ബ്രിട്ടീഷ്ഭരണത്തിനു് ഈ മഹാരാജ്യത്തു വരുത്താൻ കഴിയാതിരുന്ന പല കെടുതികളും മുപ്പത്താറു വർഷങ്ങളിലെ സ്വതന്ത്ര വാഴ്ചക്കാലത്തു നാം ഇവിടെ വരുത്തിക്കൂട്ടിയിട്ടുണ്ട് എന്നതത്രേ സത്യം. ഈ കെടുതികളിൽ പ്രധാനമായ ഒന്നു് മദ്യപാനശീലമാകുന്നു. നമ്മുടെ യുവതലമുറയെ ഒരു മഹാവ്യാധിയെന്നപോലെ ബാധിച്ചിട്ടുള്ള ഈ തിന്മയെപ്പററി ഇന്നു വല്ലവരും ചിന്തിക്കുന്നുണ്ടോ?

ഉണ്ട്. കേന്ദ്രഗവണ്മെൻറ് രൂപവൽക്കരിച്ച ഒരു മദ്യവർജനക്കമ്മിററിയുണ്ട്—സെൻട്രൽ പ്രൊഹിബിഷൻ കമ്മിററി. സ്റ്റേററ് മിനിസ്റ്റർമാരടക്കം ഉത്തരവാദിത്തമുള്ള പലരും ഈ കമ്മിററിയിൽ അംഗങ്ങളാണ്. പക്ഷേ, പല സർക്കാർ കമ്മിററികളുംപോലെ ഈ കമ്മിററിയും മിക്കവാറും നിർജീവമാണ്. യോഗം ചേരാറില്ല; ചേർന്നാൽതന്നെ തീരുമാനങ്ങൾ എടുക്കാറില്ല; എടുത്ത തീരുമാനങ്ങൾ നടപ്പാക്കാൻ പരിശ്രമിക്കാറുമില്ല. പഴയ ഒരു കമ്മിററി, പിരിച്ചുവിടാത്തതുകൊണ്ടു നിലനിൽക്കുന്നു.

പക്ഷേ, നാലു വർഷത്തെ ദീർഘനിദ്രയ്ക്കുശേഷം കേന്ദ്ര-മദ്യവർജന കമ്മിററി ഈ ഡിസംബർ ആദ്യവാരത്തിൽ ഡൽഹിയിൽ സമ്മേളിച്ചു. മദ്യവർജനമാണ് ഇപ്പോഴും ഇന്ത്യാഗവണ്മെൻറിൻെറ നയമെന്ന് ഈ കമ്മിററി ആവർത്തിച്ചു പ്രസ്താവിച്ചു. ഇന്ത്യയിലെ യുവജനങ്ങരംക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി പ്രവണത തടയാൻ പുതിയ നടപടികരം കൈക്കൊള്ളണമെന്ന കമ്മിററി ഉദ്ബോധിപ്പിച്ചു. വ്യക്തമായ ചില ശുപാർശകളും കമ്മിററി സമർപ്പിച്ചു.

മദ്യവർജനകമ്മിററിയുടെ ഈ യോഗത്തിൻെറ സംക്ഷിപ്തമായ റിപ്പോർട്ടുപോലും മലയാളത്തിലെ ഒരു പത്രത്തിലും കണ്ടില്ല. എങ്കിലും ഇംഗ്ലീഷിൽ 'ഹിന്ദു' പത്രം അതു ചുരുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽനിന്ന് എത്രമാത്രം ലാഘവബുദ്ധിയോടെയാണ് മദ്യവർജനക്കമ്മിററി ഈ പ്രശ്നത്തെ സമീപിച്ചിട്ടുള്ളതെന്നു നമുക്കു മനസ്സിലാക്കാം. രാജ്യത്തിൻെറ പല ഭാഗങ്ങളിലുമായി അടുത്ത കാലത്തു മദ്യപാനംമൂലം സംഭവിച്ച കൂട്ടമരണങ്ങളെപ്പററിയോ, സർക്കാരിൽ നിന്നു ലൈസൻസ് നേടിയവരും അതു നേടാത്തവരുമായ സമൂഹദ്രോഹികരം മദ്യമെന്ന പേരിൽ വിഷം നിർമിച്ചു പരസ്യമായി വിൽക്കുന്നതിനെപ്പററിയോ ഒരു വാക്കുപോലും പ്രസ്താവിക്കേണ്ടതുണ്ടെന്നു് കമ്മിററിക്കു തോന്നിയില്ല. മദ്യവിപത്തിനെതിരെ ചില സ്ഥലങ്ങളിലെങ്കിലും പൊതുജനങ്ങരം നടത്തിവരുന്ന പ്രക്ഷോഭങ്ങളെപ്പററിയും കമ്മിററിക്ക് ഒന്നും പറയാനില്ല.

ഡിസംബർ 8-ാം തീയതിയിലെ 'ഹിന്ദു' പത്രത്തിൽ മദ്യവർജനക്കമ്മിററിയുടെ യോഗം സംബന്ധിച്ച ചേർന്ന റിപ്പോർട്ടിൽ കാണുന്ന ആദ്യത്തെ ശുപാർശ, മദ്യപാനത്തിൻെറയും ലഹരിമരുന്നുകളുടെയും ദൂഷ്ഫലങ്ങളെപ്പററി പഠിക്കുന്നതിന് ഇന്ത്യാഗവണ്മെൻറ് ആയിരിക്കണം ഒരു വിദഗ്ദ്ധ കമ്മിററിയെ നിയമിക്കേണമെന്നതാണ്. ഇത്തരമൊരു വിദഗ്ദ്ധകമ്മിററിയുടെ റിപ്പോർട്ട് കിട്ടാത്തതുകൊണ്ടാണു ഗവണ്മെൻറ് ഇപ്പോഴത്തെ ഉദാര മദ്യനയം തുടരുന്നതെന്ന് ഇതു വായിക്കുമ്പോരം തോന്നുന്നില്ലേ?

കമ്മിററിയുടേതായി പത്രങ്ങളിൽ ചേർത്തിട്ടുള്ള രണ്ടാമത്തെ ശുപാശ,സിനിമാപടങ്ങളിലുള്ള മദ്യപാനരംഗങ്ങളെ, അതു സംബന്ധിച്ച നിയമങ്ങരംക്കു വിധേയമാക്കുവാൻ (റഗുലേററ്) ഫിലിം സെൻസർ ബോർഡിലേക്കു മദ്യവർജന കമ്മിററിയുടെ ഒരംഗത്തെ സർക്കാർ നോമിനേററ്ചെയ്യണമെന്നതാണ്. സിനിമയിൽ നിയമാനുസൃതമല്ലാത്ത മദ്യപാനരംഗങ്ങരം ഉള്ളതുകൊണ്ടാണ് ഇന്ത്യയിൽ മദ്യപാനം അതിരുകവിഞ്ഞുപോകുന്നതു് എന്നും ഫിലിം സെൻസർ ബോർഡിൽ ഒരാളെ നോമിനേററ്ചെയ്താൽ മദ്യപാനാസക്തി കെട്ടടങ്ങുമെന്നും അല്ലേ ഇതു വായിച്ചാൽ തോന്നുക?

കമ്മിററി വേറെയും പല ശുപാർശകളുംചെയ്തിട്ടുണ്ട്. ശമ്പളം കിട്ടുന്ന ദിവസങ്ങളിലും ഗാന്ധിജയന്തി ദിവസവും മതപരമായ പ്രാധാന്യമുള്ള ദിവസങ്ങളിലും മദ്യം വില്ക്കരുതെന്നാണ് ഒരു ശുപാർശ. ഹോട്ടലുകരം, ഹോസ്ററലുകരം, റെസ്റേറാറണ്ടുകരം, ക്ളബ്ബുകരം മുതലായ പൊതുസ്ഥലങ്ങളിലും പൊതുസ്വീകരണങ്ങളിലും മദ്യപാനം നിരുത്സാഹപ്പെടുത്തണമെന്നും, വ്യവസായസ്ഥാപനങ്ങരം, ജലസേചന പദ്ധതികരം, ഹൈവേകരം, വീടുകരം തിങ്ങിനിൽക്കുന്ന പ്രദേശങ്ങരം, വിദ്യാഭ്യാസസ്ഥാപനങ്ങരം, മതസ്ഥാപനങ്ങരം, തൊഴിലാളികളുടെ കോളനികരം എന്നിവയുൾപ്പെടുത്തു മദ്യഷാപ്പുകരം അനുവദിക്കരുതെന്നും, കുടിച്ചു മോട്ടോർ വാഹനങ്ങളും വിമാനങ്ങളും ഓടിക്കുന്നവരുടെ മേൽ നിയന്ത്രണങ്ങളേർപ്പെടുത്തണമെന്നും, അവർ നിയമം ലംഘിച്ചാൽ ദീർഘ

കാലത്തേക്ക് അവരുടെ ലൈസൻസ് റദ്ദാക്കണമെന്നും, സർക്കാർ ഉദ്യോഗസ്ഥന്മാരും പൊതുമേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരും പൊതുജനങ്ങൾ കാൺകെ കുടിക്കരുതെന്നും സർക്കാരുദ്യോഗസ്ഥന്മാർ ഡ്യൂട്ടിയിലിരിക്കെ കുടിച്ചു കൂത്താടിയാൽ അവർക്കു കഠിനശിക്ഷ നൽകണമെന്നും, മദ്യപ്പരസ്യങ്ങളും മദ്യപാനത്തിനുള്ള തുറന്ന പ്രേരണകളും നിരോധിക്കണമെന്നും ഒക്കെയാണു മററു ശുപാർശകൾ.

മദ്യവർജനം പ്രചരിപ്പിക്കാൻ സ്വയം സേവക സംഘടനകൾ കൂടുതൽ മുന്നോട്ടു വരണം; മദ്യപാനികളാകാൻ ഇടയുള്ളവർക്കിടയിൽ സംയോജിതക്ഷേമ പരിപാടികൾ നടപ്പിലാക്കണം; കുടിയന്മാരുടെ കുടിശീലം ഒഴിവാക്കുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകണം; പാഠപുസ്തകങ്ങളിൽ മദ്യപാനത്തിൻെറ കെടുതികൾ വിശദീകരിക്കുന്ന പാഠങ്ങൾ ചേർക്കണം; കുട്ടികളിൽ ശരിയായ മൂല്യബോധം വളർത്തണം; മദ്യവർജനം നടപ്പിലാക്കുമ്പോൾ തൊഴിലില്ലാതാകുന്ന ജനവിഭാഗങ്ങൾക്കു മററു തൊഴിലുകൾ ഏർപ്പെടുത്തിക്കൊടുക്കണം. വ്യാജവാററും ലഹരിമരുന്നു വില്പനയും തടയണം. ശുപാർശകൾ അങ്ങനെയങ്ങനെ നീളുന്നു.

ഗോത്രവർഗക്കാർക്കിടയിൽ മദ്യം വിൽക്കാനുള്ള അവകാശം ലേലം ചെയ്തു വിൽക്കുന്ന സമ്പ്രദായം നിർത്തലാക്കണമെന്നും, വില്പനയ്ക്കല്ലാതെ സ്വന്തം ഉപയോഗത്തിനു മദ്യം നിർമിക്കാൻ ഗോത്രവർഗക്കാരെ അനുവദിക്കണമെന്നും കമ്മിററി സ്റ്റേററ് ഗവണ്മെൻറുകളോടു ശുപാർശ ചെയ്തിരിക്കുന്നു.

ഈ ശുപാർശകളിൽ ഉൾപ്പെട്ട പല വിഷയങ്ങളും സംബന്ധിച്ച നിയമങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. സർക്കാർ അവ നടപ്പിൽ വരുത്തുന്നില്ല എന്നതാണു പ്രശ്നം. മദ്യനിർമാണവും മദ്യവില്പനയും സംബന്ധിച്ച ബ്രിട്ടീഷുകാരുടെ കാലത്തുണ്ടായിരുന്ന നിയമങ്ങൾ എങ്കിലും ആത്മാർത്ഥതയോടെ നടപ്പിലാക്കിവന്നിരുന്നുവെങ്കിൽ ഇന്ത്യയിലെ യുവജനങ്ങൾ ഇന്നത്തെപ്പോലെ മദ്യപാനശീലത്തിന് അടിമകളായി നശിക്കുകയില്ലായിരുന്നു. സ്വതന്ത്രഭാരതത്തിലെ ഓരോ സ്റ്റേററ് ഗവണ്മെൻറും, ആദ്യകാലത്തെ അത്യാവേശംമൂലം, പൂർണ മദ്യവർജനം അടക്കം കർശനമായ മദ്യനിയമങ്ങൾ പലതും പാസ്സാക്കുകയുണ്ടായി. ആവേശം അടങ്ങിയപ്പോൾ മദ്യം സംബന്ധിച്ച ഒരു നിയമവും ബ്രിട്ടീഷ് വാഴ്ചക്കാലത്തെ നിയമങ്ങൾപോലും നടപ്പിലാക്കേണ്ടതില്ലെന്നും, മദ്യമുതലാളിമാർക്കു പൂർണസ്വാതന്ത്ര്യം നൽകുകയും അവരിൽനിന്നു രാഷ്ട്രീയ കക്ഷികൾ കഴിയുന്ന തരത്തിലെല്ലാം കോഴ വാങ്ങിക്കൊണ്ടിരിക്കുകയും ചെയ്താൽ മതിയെന്നുമുള്ള ഒരു പൊതു പ്രായോഗികധാരണയിൽ ഭരണാധികാരിവർഗം എത്തിച്ചേർന്നു. ഇതാണ് ഇന്നത്തെ നില. ഈ സ്ഥിതിയെപ്പററിയാണ് കേന്ദ്ര മദ്യവർജനക്കമ്മിററി ചിന്തിക്കേണ്ടിയിരുന്നതു്. കമ്മിററി അതിനെപ്പററി ചിന്തിച്ചതായി പത്രറിപ്പോർട്ടിൽനിന്നു വ്യക്തമാകുന്നില്ല. കണ്ടിടത്തോളം, കമ്മിററിയുടെ ഒരംഗത്തെ ഫിലിം സെൻസർബോർഡിലേക്കു നോമിനേററ്ചെയ്യുക എന്നതൊഴികെ, കമ്മിററിയുടെ ഒരു ശുപാർശയും കേന്ദ്രഗവണ്മെൻേറാ, സംസ്ഥാനഗവണ്മെൻറുകളോ നടപ്പിൽവരുത്തുമെന്നും പ്രതീക്ഷയില്ല.

ഡോ. സൺഡർലാൻഡ് ഒരിക്കൽക്കൂടി ജീവൻ നേടി കേന്ദ്ര മദ്യവർജനക്കമ്മിററിയുടെ ഡൽഹിയോഗത്തിൽ സന്ദർശകനായി പങ്കെടുത്തിരുന്നുവെങ്കിൽ, ഇന്ത്യക്കാരെപ്പററിയുള്ള അദ്ദേഹത്തിൻെറ ധാരണ എങ്ങനെ അടിയോടെ മാറുമായിരുന്നു!

ഇന്ത്യയിൽ മദ്യപാനശീലവും ലഹരിമരുന്നുപയോഗവും വദ്ധിച്ചുവരുന്നുണ്ടെങ്കിൽ, അതിൻെറ ഉത്തരവാദിത്തം പൂർണമായും സംസ്ഥാന

ഗവണ്മെൻറുകൾക്കും കേന്ദ്രഗവണ്മെൻറിനുമാണുള്ളതു്. മദ്യപാനശീലത്തെ തടയുന്നതു പോയിട്ട് ലഘൂകരിക്കുന്നതിനോ, നിയന്ത്രണവിധേയമെങ്കിലുമാക്കുന്നതിനോപോലും, ഫലപ്രദമായ ഒരു നടപടിയും കൈക്കൊള്ളാൻ കേന്ദ്രഗവണ്മെൻറും സംസ്ഥാനഗവണ്മെൻറുകളും തയ്യാറല്ല എന്നു കേന്ദ്ര മദ്യവർജനക്കമ്മിററിയുടെ ഡിസംബർ യോഗം എന്ന പ്രഹസനം വ്യക്തമാക്കുന്നു.

സർക്കാരിൻെറ ചാരായഷാപ്പുലേലം അസാദ്ധ്യമാക്കിക്കൊണ്ടു്, മദ്യത്തിനെതിരായി വൈപ്പ് ദ്വീപിൽ ബഹുജനങ്ങൾ പ്രകടിപ്പിച്ച രോഷം സാർവത്രികമായെങ്കിലല്ലാതെ ഈ തിന്മയിൽനിന്നു രാജ്യത്തിനു മുക്തിയില്ല!

(9 ഡിസംബർ, 1982)

# 60. കുടിച്ചു ചാവുക!

ഇന്ത്യയിൽ വ്യവസായങ്ങളെല്ലാം നഷ്ടത്തിലാണോ നടക്കുന്നതു്? അല്ല. ബാംഗ്ളൂരിലെ ഒരു കമ്പനിയുടെ ഉദാഹരണം നോക്കുക. ഈ കമ്പനിയുടെ മൂലധനം രണ്ടു കോടി രൂപയാണു്. അതിൽത്തന്നെ യഥാർത്ഥ നിക്ഷിപ്തമൂലധനം ഇരുപത്തഞ്ചുലക്ഷം രൂപ മാത്രമാകുന്നു. അവശേഷിച്ച നൂററെഴുപത്തഞ്ചുലക്ഷം രൂപ ഓഹരിയുടമകൾ അടച്ചുതീർത്തതു് അവക്കു് കമ്പനി നൽകിയ ബോണസ് ഷെയറുകളുടെ രൂപത്തിലാണു്. അങ്ങനെ ഇരുപത്തഞ്ചു ലക്ഷം രൂപ മാത്രം യഥാർത്ഥത്തിൽ മുടക്കി സ്ഥാപിച്ച ഈ കമ്പനി കഴിഞ്ഞ ഒരാണ്ടിൽ ഒരു കോടി നാല്പത്തഞ്ചുലക്ഷം രൂപ അററാദായം ഉണ്ടാക്കി. ഈ കമ്പനിയുടെ വില്പനവരുമാനം ഇരുപത്തേഴ കോടി രൂപ. ആറു കോടി എഴുപത്തിമൂന്നുലക്ഷം രൂപയാണു് കമ്പനി റിസർവ് ഫണ്ടായി നീക്കിവച്ചിട്ടുള്ളതു്.

കമ്പനി നടത്തുന്ന വ്യവസായമെന്താണു്? സ്വർണഖനനം? കള്ളനോട്ടടി? ലോട്ടറി? അല്ല, ഇതൊന്നുമല്ല. ഇതൊരു മദ്യനിർമാണക്കമ്പനിയാണു്.

1979—നും 1982—നും ഇടയ്ക്കുള്ള മൂന്നു വർഷങ്ങളിൽ ഇന്ത്യയിലെ മദ്യവ്യവസായത്തിനു പത്തു ശതമാനംമുതൽ പതിനഞ്ചു ശതമാനംവരെ പ്രതിവർഷ വളർച്ച രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്.

മഹാത്മാഗാന്ധിയുടെ നാട്ടുകാർ എത്ര മദ്യം ഒരാണ്ടിൽ കുടിച്ചുതീർക്കുന്നു? 'ഇമ്മിണി വളരെ' എന്നല്ലാതെ, കൃത്യമായി പറയാൻ കണക്കുകളില്ല. ഇന്ത്യക്കാർ കുടിച്ചു വററിക്കുന്ന മദ്യത്തെ കള്ള് (ടോഡി), നാടൻ ചാരായം (അറാക്ക്) ഇന്ത്യയിലുണ്ടാക്കിയ വിദേശമദ്യങ്ങൾ (ഐ. എം. എഫ്. എൽ), ശരിയായ വിദേശമദ്യങ്ങൾ എന്ന നാലിനമായി തിരിച്ചു പറയാറുണ്ടു്. ഇവയിൽ നാലാമത്തെ ഇനം, മിക്കവാറും മുഴുവനും, കള്ളക്കടത്തായാണു് ഇന്ത്യയിലെത്തുന്നതു്. അതിനാൽ അതിൻെറ കണക്കുകൾ ഒരിക്കലും കിട്ടാനിടയില്ല.

ആദ്യത്തെ ഇനമായ കള്ളിൻെറ വിവരവും കിട്ടുക പ്രയാസമാണു്. തെങ്ങു്, പന മുതലായ വൃക്ഷങ്ങൾ ചെത്തിയും മററു വിധത്തിലുമുണ്ടാക്കുന്ന കള്ളിൻെറ കണക്കു് ആരു വയ്ക്കാൻ? ഓരോ സ്റ്റേററിനും കള്ളുചെത്തിനത്തിൽ കിട്ടുന്ന ലൈസൻസ് ഫീസിൻെറ വിവരം മാത്രം കഷ്ടപ്പെട്ടാൽ, ശേഖരിക്കാൻ കഴിഞ്ഞേക്കും. അതിൽനിന്നു് ആകെ കള്ളിൻെറ ഉല്പാദനത്തെപ്പററി ഊഹിക്കുവാൻപോലും സാധ്യമാവുകയി